(സി) ഓരോ ജില്ലയിൽനിന്നും ശേഖരിച്ചുവരുന്നു.

(ഡി) പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കേന്ദ്ര ഫണ്ട് ട്രഷറിവഴി അനുവദിച്ചു തുടങ്ങിയത് 2014-15 മുതലാണ്. അംഗീകരിച്ച പദ്ധതികളുടെ തുക യഥാസമയം ലഭിക്കാൻ കുറച്ച് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും പദ്ധതികളുടെ നടത്തിപ്പിൽ തടസ്സങ്ങൾ നേരിട്ടിട്ടില്ല.

(എഫ്) പ്രതിസന്ധികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൃക്കണ്ണാപുരം C.H.C. യിലെ ഐ.പി. സംവിധാനം

87 (2296) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂർ മണ്ഡലത്തിലെ തൃക്കണ്ണാപുരം C.H.C. യിൽ ഐ. പി. സംവിധാനം നിലവിലുണ്ടായിരുന്നോ ;

(ബി) ഐ. പി. സംവിധാനം ഇപ്പോഴും നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ ; ഇതുപരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) നിലവിലുണ്ട്. എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിച്ച് ഐ.പി. പ്രവർത്തിച്ച് വരുന്നുണ്ട്. സാമൂഹികാരോഗ്യകേന്ദ്രത്തിന് അനുവദനീയമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

അമൃതം ആരോഗ്യം

88 (2297) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) എല്ലാവിധ രോഗങ്ങളും ഈ പദ്ധതിയുടെകീഴിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ച് വരുന്ന ജീവിതശൈലീരോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'.

ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 'അമൃതം ആരോഗ്യം' ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. എ.പി.എൽ. ബി.പി.എൽ. തരംതിരിവോ, മറ്റ് മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനു പുറമേ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു.

സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ'ഷേപ്പ്(SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി 'വർക്ക് പ്ലേസ് ഇൻറർവെൻഷൻ' തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്.

ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തിവരുന്നു.

(ബി) 30 (മുപ്പത്) വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീരോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും നേരത്തെചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഈ പദ്ധതി കാര്യക്ഷമമായി അവലോകനം ചെയ്യുന്നുണ്ട്. എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും സംസ്ഥാനതലത്തിൽ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിലും അവലോകനം ചെയ്യുവരുന്നു. ആരോഗ്യമന്ത്രി, ഹെൽത്ത് സെക്രട്ടറി, മിഷൻ ഡയറക്ടർ. എൻ.എച്ച്.എം, ആരോഗ്യവകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ എന്നിവർ സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. അതുപോലെ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർമാരുടെ റിവ്യൂ മീറ്റിംഗ് സംസ്ഥാനതലത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ആരോഗ്യ സ്ഥാപനങ്ങളിൽ പദ്ധതി വിലയിരുത്താൻ നേരിട്ടുള്ള 'സർപ്രൈസ് ഇൻസ്പെക്ഷനുകളും' നടത്തിവരുന്നു.

(ഡി) ഈ പദ്ധതിയുടെകീഴിൽ പ്രമേഹം, രക്താതി സമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, ക്യാൻസർ തുടങ്ങിയ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

89 (2298) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ വിവിധ രോഗകാരണങ്ങളാലും പോഷകക്കുറവുമൂലവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) അട്ടപ്പാടിയിൽ 2013 മുതൽ വിവിധ കാരണങ്ങളാൽ ഉണ്ടായ ശിശു മരണങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു :